**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1108** **31-01-2024 - ൽ മറുപടിയ്ക്ക്**

**മാനന്തവാടി നിയോജകമണ്ഡലത്തിലെ ജലമിഷൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഒ . ആർ. കേളു | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | മാനന്തവാടി നിയോജകമണ്ഡലത്തിലെ ജലമിഷൻ പദ്ധതിയുടെ പ്രവർത്തന പുരോഗതി അറിയിക്കാമോ; | (എ) | മാനന്തവാടി നിയോജകമണ്ഡലത്തിലുള്ള മൊത്തം 52768 വീട്ടുകളിൽ 13500 വീട്ടുകൾക്കാണ് ജലജീവൻ മിഷൻ പദ്ധതി തുടങ്ങുന്നതിനും മുൻപ് കുടിവെള്ള കണക്ഷൻ ഉണ്ടായിരുന്നത്. ജൽ ജീവൻ മിഷൻ പദ്ധതി വഴി ഇതുവരെ 3876 കണക്ഷനുകളാണ് നൽകിയിട്ടുള്ളത്.<br><br>എടവക പഞ്ചായത്തിലെ ജലജീവൻ മിഷൻ പദ്ധതി 80 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്.<br><br>തിരുനെല്ലി പഞ്ചായത്തിലെ ജൽ ജീവൻ മിഷൻ പദ്ധതി 13.07.2023 ൽ ആരംഭിച്ചിട്ടുണ്ട്.<br><br>വെള്ളമുണ്ട പഞ്ചായത്തിൽ നിലവിൽ 257 കിമി പൈപ്പ് സ്ഥാപിക്കാനുള്ളതിനാൽ 32 കിമി സ്ഥാപിക്കുകയും 7502 FHTC യിൽ 600 HTC നൽകിയിട്ടുണ്ട്.<br><br>തവിഞ്ഞാൽ പഞ്ചായത്തിൽ നിലവിൽ 284 കിമീ പൈപ്പ് സ്ഥാപിക്കാനുള്ളതിനാൽ 25 കിമീ സ്ഥാപിക്കുകയും 9146 FHTC യിൽ 4000 HTC നൽകിയിട്ടുമുണ്ട്.<br><br>പനമരം പഞ്ചായത്തിലെ പ്രവൃത്തി ടെൻഡർ ചെയ്ത് ഉടനെ ആരംഭിക്കും.<br><br>മേൽ പറഞ്ഞ 4 പഞ്ചായത്തുകൾക്കായി കുടിവെള്ളം ലഭ്യമാക്കുന്നതിനായി 25 MLD കപ്പാസിറ്റിയുള്ള ജലശുദ്ധീകരണ ശാല വെള്ളമുണ്ട പഞ്ചായത്തിലെ പുളിഞ്ഞാലിൽ നിർമ്മിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. ജലശുദ്ധീകരണ ശാലയുടെ പ്രവൃത്തി ടെൻഡർ ചെയ്ത് പ്രവൃത്തി ഉത്തരവായിട്ടുണ്ട്.പ്രസ്തുത ജലശുദ്ധീകരണ ശാലയുടെ പ്രവൃത്തി പൂർത്തീകരിച്ചാൽ മാത്രമേ മേൽ പറഞ്ഞ 4 പഞ്ചായത്തുകളിൽ കുടിവെള്ളം ലഭ്യമാകൂ. |

| | | | |
|---|---|---|---|
| | | | WTP പ്രവൃത്തി പൂർത്തീകരണ കാലാവധി 08.08.2024. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായി മാനന്തവാടി മണ്ഡലത്തിൽ എത്ര ഗാർഹിക കുടിവെള്ള കണക്ഷൻ നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; | (ബി) | **40310** കണക്ഷനുകൾ നൽകാനാണ് ഉദ്ദേശിക്കുന്നത്**.** |
| (സി) | പ്രസ്തുത പദ്ധതി പ്രകാരം നൽകുന്ന ആകെ കുടിവെള്ള കണക്ഷനുകളുടെ എണ്ണം ഗ്രാമപഞ്ചായത്ത് അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ? | (സി) | എടവക-5700,<br>തിരുനെല്ലി-6150,<br>വെള്ളമുണ്ട-7502,<br>തൊണ്ടർനാട്-4489,<br>പനമരം-7323,<br>തവിഞ്ഞാൽ-9146 |

സെക്ഷൻ ഓഫീസർ